പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1413** **21.03.2012 -ൽ മറുപടിയ്ക്ക്**

## യുവജനക്ഷേമ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.ദിവാകരൻ | കുമാരി പി.കെ.ജയലക്ഷ്മി (പട്ടിവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) യുവജനക്ഷേമത്തിനുവേണ്ടി നടപ്പിലാക്കിയ നൂതനപദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ ; ഈ ഇനത്തിൽ എന്തു തുക ചെലവഴിച്ചു ; എത്ര യുവതീയുവാക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചതെന്ന് വിശദീകരിക്കുമോ ? | (എ) യുവജനക്ഷേമത്തിനുവേണ്ടി യുവജനക്ഷേമ ബോർഡ് മുഖേന നടപ്പാക്കിയ പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>കേരള സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി പ്രകൃതി ദുരന്തങ്ങളിലും മറ്റ് അടിയന്തിര ഘട്ടങ്ങളിലും ഇടപെടുന്നതിനും, അപകടത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനും, യുവജനങ്ങളെ ശാസ്ത്രീയമായി സജ്ജരാക്കുന്നതിന് വേണ്ടി കോഴിക്കോട്ടും കോട്ടയത്തും സംഘടിപ്പിച്ച യുവകർമ്മസേന മേഖലാ പരിശീലന ക്യാമ്പുകളിൽ 340 യുവതീയുവാക്കൾ പ്രതിനിധികളായി പങ്കെടുക്കുയുണ്ടായി. ഇതിനായി 7,10,527/- രൂപ ചെലവഴിച്ചു.<br><br>സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമരംഗത്തെ നൂതന പ്രവണതകൾ തുടങ്ങിയവ സംബന്ധിച്ച് യുവജനങ്ങൾക്കും, യുവമാധ്യമ പ്രവർത്തകൾക്കും അവബോധം വളർത്തുക ലക്ഷ്യമാക്കി എറണാകുളം കലൂർ, റിന്യൂവൽ സെന്ററിൽ വച്ച് നടത്തിയ യുവമാധ്യമ പ്രവർത്തക ക്യാമ്പിൽ 210 പേർ പ്രതിനിധികളായി പങ്കെടുക്കുകയുണ്ടായി. ഈ വകയിൽ 3,86,063/- രൂപ ചെലവായി.<br><br>സംസ്ഥാനത്തെ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഐ.റ്റി രംഗത്തെയും മറ്റ് |

മേഖലകളിലെയും പ്രശസ്ത കമ്പനികളെ പങ്കെടുപ്പിച്ചു കൊണ്ട് 2011 -ൽ നടത്തിയ ജോബ് ഫെസ്റ്റിൽ 7200 ലധികം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയുണ്ടായി. വിവിധ കമ്പനികളിൽ നിന്നുമായി 621 ഉദ്യോഗാർത്ഥികൾക്ക് ജോലിക്കായുള്ള **offer letter** അയച്ചിട്ടുണ്ട്. ഇതിന് 7,21,590/- രൂപ ചെലവായി.

യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തോടെ മാജിക് അക്കാഡമി എറണാകുളത്ത് വച്ച് 2011 നവംബറിൽ സാമൂഹ്യ ബോധവൽക്കരണ ഇന്ദ്രജാല പരിപാടിയായ 'മാജിക് വിത്ത് എ മിഷൻ' സംഘടിപ്പിക്കുകയുണ്ടായി. ഇതിനായി 5 ലക്ഷം രൂപ ചെലവായി.

കൂടാതെ, സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹകരണത്തോടുകൂടി യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 8 മുതൽ 17 വരെ കോഴിക്കോട് ജില്ലയിൽ വച്ച് നടത്തിയ ജെൻഡർ ഫെസ്റ്റ് എന്ന പരിപാടിയിൽ ട്രൈബൽ എക്സിബിഷൻ, വനിതകൾക്കായുള്ള സെമിനാർ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത സെമിനാറിൽ ഏകദേശം 250 തോളം വനിതകൾ പങ്കെടുത്തു. ഇതിനായി 5 ലക്ഷം രൂപ ചെലവായി.

ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ചിന്റെ ഭാഗമായി 2012 ഫെബ്രുവരി 28 മുതൽ മാർച്ച് 1 വരെ കേരളം സന്ദർശിച്ച 106 ചൈനീസ് പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിനായി 4,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്..

സെക്ഷൻ ഓഫീസർ